**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. പ്രിയ ജയൻ, ജൂനിയർ കൺസൽട്ടന്റ് (ഇ.എൻ.ടി), ഡോ. രമേഷ് ബാബു.പി.വി, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ) എന്നിവരെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ (സാധാ)നം.2762/2017/ആ.കു.വ തീയതി 07.10.2017
2. സ.ഉ (സാധാ)നം.2824/2017/ആ.കു.വ തീയതി 12.10.2017

**ഉത്തരവ് നം. ഇ.എ1- 40311/2016/ആ.വ.ഡ തീയതി 16.10.2017**

പേരാവൂർ താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് (ഇ.എൻ.ടി) തസ്തികയിൽ ജോലി നോക്കി വരവെ 02.01.2015 മുതൽ അനധികൃത അവധിയിൽ പ്രവേശിച്ച ഡോ. പ്രിയ ജയനെ പരാമർശം (1) പ്രകാരവും വർക്കല താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ) തസ്തികയിൽ ജോലി നോക്കി വരവെ 08.11.2015 മുതൽ അനധികൃത അവധിയിൽ പ്രവേശിച്ച ഡോ. രമേഷ് ബാബു.പി.വി യെ പരാമർശം (2) പ്രകാരവും അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിനു വിധേയമായി ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. പ്രിയ ജയനെ **ഇടുക്കി കട്ടപ്പന താലൂക്ക് ആശുപത്രിയിലെ** ഒഴിവുള്ള ജൂനിയർ കൺസൽട്ടന്റ് (ഇ.എൻ.ടി) തസ്തികയിലേക്കും ഡോ. രമേഷ് ബാബു.പി.വി യെ **ഇടുക്കി തൊടുപുഴ ജില്ലാ ആശുപത്രിയിലെ** ഒഴിവുള്ള ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ) തസ്തികയിലേക്കും അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി

ടിയാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. പ്രിയ ജയനും ഡോ. രമേഷ് ബാബു.പി.വിയും ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി എത്രയും പെട്ടെന്ന് അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസറൻമാർ (ആരോഗ്യം)
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**